# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3912** | **15/5/2017** -ലെ മറുപടി

## കുടിവെള്ള ക്ഷാമത്തിന് കുറ്റമറ്റ പരിഹാര നടപടി

### ചോദ്യം

ശ്രീ. കെ.എം.ഷാജി

1978-ൽ പേപ്പാറ ഡാം നിർമ്മിച്ച് ജലശേഖരണം നടത്തിയിട്ടും വേനൽ കടുത്തപ്പോൾ തിരുവനന്തപുരം നഗരത്തിൽ കുടിനീരില്ലാത്ത അവസ്ഥയുണ്ടായെങ്കിൽ ശുദ്ധജല ഉപയോഗത്തിലെ അശാസ്ത്രീയത, കുടിക്കാനല്ലാത്ത ആവശ്യങ്ങൾക്കുള്ള അമിത ജലഉപയോഗം, ശാസ്ത്രീയമായ ജല മാനേജ് മെന്റിന്റെ അഭാവം, സ്രോതസ്സുകളുടെ സംരക്ഷണം, വർഷം തോറും വർദ്ധിച്ചു വരുന്ന ജലആവശ്യകത, കുറഞ്ഞു വരുന്ന ജലലഭ്യത, എന്നിവയെക്കുറിച്ച് സമഗ്ര പഠനം നടത്തി കുറ്റമറ്റ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കുമോ?

### മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

വേനൽ കടുത്തതോടുകൂടി വിവിധ പ്രദേശങ്ങളിൽ വെള്ളം ലഭിക്കാത്ത സാഹചര്യം ഉണ്ടായപ്പോൾ പമ്പ് ഹൗസുകളുടെ നിലവിലുള്ള പ്രവർത്തന സമയം ക്രമീകരിക്കുവാനും കൂടാതെ വാൽവുകൾ കൺട്രോൾ ചെയ്തും, ജല വിതരണ സമയത്തിൽ ആവശ്യമായ മാറ്റം വരുത്തിയും ലീക്കുകൾ സമയ ബന്ധിതമായി റിപ്പയർ ചെയ്തും കുടിവെള്ള വിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കടുത്ത വരൾച്ച, വർഷംതോറും വർദ്ധിച്ചു വരുന്ന ജല ആവശ്യകത, കുറഞ്ഞു വരുന്ന ജല ലഭ്യത, കാലാവസ്ഥ വ്യതിയാനം മൂലം മഴയിലുള്ള കുറവ് എന്നിവ മൂലം കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ വർദ്ധിച്ച് ജല ആവശ്യകത കണക്കിലെടുത്ത് നെയ്യാർ ഡാം സ്രോതസ്സായി 120 MLD യുടെ ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കുടിവെള്ളത്തിന്റെ ദുരുപയോഗവും ജലചൂഷണവും തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും വിവിധ തരത്തിലുള്ള സ്ക്വാഡ് പ്രവർത്തനങ്ങളും കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

Renuka Sankar

സെക്ഷൻ ഓഫീസർ

JSK/